

Iruvathunalu vruttam and vijnana munjari: the poetical and prose portions of the Malayalam text for the matriculation examination 1880 [rmyaa iruvatnluvtta vijñnamañjar]
Calicut, 1880 Seite 4

വിജ്ഞാനമഞ്ജരി

പ്രഥമ ഭാഗം

ആവിയെയും ആവിയന്ത്രത്തെയും കുറിച്ചു

ഈശ്വരൻ ജഗൽ സൃഷ്ടിയിൽ പദാൎത്ഥങ്ങൾക്കു അത്ഭുതകളായിരിക്കുന്ന ഓരോ ശക്തികളെ കൊടുത്തിട്ടുണ്ടു. മനുഷ്യരു തങ്ങളുടെ ആവശ്യങ്ങളെ നിൎവ്വഹിക്കുന്നതിനു ഈ ശക്തികളെ സ്വാധീനങ്ങളാക്കി ഉപയോഗിച്ചാൽ മതി. ആയതു പ്രവൃത്തികൾ കൊണ്ടുവേണം. മനുഷ്യരുടെ അപ്രകാരമുള്ള സകല പ്രവൃത്തികളുടെയും തത്വം പദാൎത്ഥങ്ങൾക്കു ഏതുവിധമായിട്ടെങ്കിലും ഉള്ള ചലനത്തെ ജനിപ്പിക്കുക ആകുന്നു. അതിന്നു ദൃഷ്ടാന്തം, മൺവെട്ടിക്കു ഒരു ചലനത്തെ ജനിപ്പിക്കുന്നതിനാൽ മനുഷ്യരു പറമ്പു കിളക്കുകയും കുളം കിണറു മുതലായ്തു കുഴിക്കയും ചെയ്യുന്നു- ഉരലിൽ നെല്ലിട്ടു ഉലക്കക്കു ഒരു ചലനത്തെ ജനിപ്പിക്കുന്നതിനാൽ നാം ആ നെല്ലിനെ കുത്തി അരി ആക്കുന്നു- അരി, കോതമ്പു, പയറു മുതലായ ധാന്യങ്ങളെ രണ്ടു കല്ലുകളുടെ ഇടയിൽ ഇട്ടു മുകളിൽ ഉള്ള കല്ലു തിരിക്കുന്നതിൽ നാം അവയെ പൊടിച്ചു മാവാക്കുന്നു. ചകിരിയിൽ ഒരു ചലനത്തെ ജനിപ്പിക്കുന്നതിനാൽ നാം കയറു പിരിക്കുന്നു. കയറു പിടിച്ചു അച്ചിൽ കൊള്ളിച്ചിരിക്കുന്ന തടിയിൽ ഒരു ചലനത്തെ ജനിപ്പിക്കുന്നതിനാൽ കടച്ചിൽകാരൻ ഉളി പിടിച്ചു ഓരോ സാധനങ്ങളെ ഉണ്ടാക്കുന്നു. ഈ പ്രവൃത്തികളിൽ ഒക്കെയും ചലനം മനുഷ്യരാൽ ജനിപ്പിക്കപ്പെട്ടതാകുന്നു- എന്നാൽ മനുഷ്യൎക്കു പരിചയവും ബുദ്ധിശക്തിയും വൎദ്ധിക്കും തോറും ഈ ചലനത്തെ മറ്റു ശക്തികളെ കൊണ്ടു ജനിപ്പിക്കാവുന്നതാകുന്നു എന്നു അവൎക്കു മനസ്സിലായിട്ടു ജന്തുക്കളെയും വായുവിനെയും ജലത്തെയും മറ്റും അതിന്നായി ഉപയോഗിപ്പിക്കുന്നു. എങ്ങിനെ എന്നാൽ, കുതിരകളെയും കാളകളെയും മറ്റും കൊണ്ടു വണ്ടി മുതലായവകളെ വലിപ്പിക്കുന്നു. വാണിയന്നു എള്ളിൽ നിന്നും എണ്ണ എടുക്കുന്നതിന്നു എള്ളു ചക്കിൽ ഇട്ടു

http://idb.ub.uni-tuebingen.de/diglit/CiXIV259/0008
EBERHARD KARLS UNIVERSITÄT TÜBINGEN
Universitätsbibliothek Tübingen
gefördert durch die DFG